# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

## അന്തിമ രേഖ

**കേരള സർക്കാർ റെവന്യൂ (ബി) വിഭാഗം ചുമതലപ്പെടുത്തിയത്**

**എറണാകുളം ജില്ലയിലെ കോൺവെൻറ് ബീച്ച് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കൽ**

**26.03.2025**

**അർത്ഥനാധികാരി**

**എക്സിക്യൂട്ടീവ് എഞ്ചിനീയർ,**

**പൊതുമരാമത്ത് വകുപ്പ്, നിരത്ത് വിഭാഗം,**

**എറണാകുളം**


**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്**

**മിസ്സിസ്. പ്രിൻസി ജേക്കബ്, ബി-7,**
**സൗമ്യ നഗർ, ആലിൻച്ചുവട്, ഇടപ്പള്ളി പി.ഒ,**
**കൊച്ചി, 682 024**

# ഉള്ളടക്കം


അദ്ധ്യായം 1 : പഠനത്തിൻെറ സംക്ഷിപ്ത രൂപം

അദ്ധ്യായം 2 : പദ്ധതിയുടെ വിശദവിവരങ്ങൾ

അദ്ധ്യായം 3 : പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം

അദ്ധ്യായം 4 : സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

അദ്ധ്യായം 5 : ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

അദ്ധ്യായം 6 : സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതി പ്രദേശവും പുന:സ്ഥാപന പ്രദേശവും)

അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

അദ്ധ്യായം 8: സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

അദ്ധ്യായം 9 : സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

അദ്ധ്യായം10 :സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി-മേൽനോട്ടവും മൂല്യനിർണ്ണയവും

അദ്ധ്യായം 11: നേട്ടങ്ങളും നഷ്ടങ്ങളും- അപഗ്രഥനം, ശുപാർശകൾ

## പട്ടികകൾ

പട്ടിക 1.1.ഏറ്റെടുക്കപ്പെടുന്ന ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ

പട്ടിക 3.1. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം

പട്ടിക 3.2.സാമൂഹ്യ പ്രത്യാഘാത പഠനസംഘം നടത്തിയ വിവിധ പ്രവർത്തനങ്ങൾ

പട്ടിക 5.1. പദ്ധതി ബാധിത ഭൂവുടമകളുടെ പേര് വിവരങ്ങൾ

പട്ടിക 7.1. സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

# അദ്ധ്യായം 1

## പഠനത്തിൻെറ സംക്ഷിപ്ത രൂപം

### 1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

കാപ്പ പുഴക്ക് കുറുകെ നിർമ്മിച്ച് കൊണ്ടിരിക്കുന്ന കോൺവെൻെറ് ബീച്ച് പാലത്തിന് അപ്രോച്ച് റോഡ് നിർമ്മിക്കുന്നതാണ് നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പദ്ധതി. .ഈ പാലത്തിൻേറയും അപ്രോച്ച് റോഡിൻേറയും നിർമ്മാണം പൂർത്തിയാകുന്നത് മൂലം ബീച്ച് ഭാഗത്തുള്ള ജനങ്ങൾക്ക് അവരുടെ ദൈനംദിന ആവശ്യങ്ങൾക്ക് കടത്ത് വള്ളത്തെ ആശ്രയിക്കാതെ നേരിട്ട് മുനമ്പം ഭഗത്തേക്ക് വളരെ എളുപ്പത്തിൽ എത്തുന്നതിന് സഹായകമാകും. ഇതിലൂടെ ഈ പ്രദേശത്തെ ജനങ്ങളുടെ സാമൂഹ്യ-സമ്പത്തീക സ്ഥിതി മെച്ചപ്പെടുന്നതിനും ഈ പദ്ധതി സഹായകമാകും. കൂടാതെ ഈ പ്രദേശത്തെ വിദ്യാഭ്യാസം, വ്യവസായം എന്നീ മേഖലകളിലെ വളർച്ചക്ക് നിർദ്ദിഷ്ട പദ്ധതി പ്രയോജനപ്പെടും. പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിൻെറ 21, 23 വാർഡ് പ്രദേശങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന പാലത്തിൻെറ നിർമ്മാണ പ്രവർത്തികൾ നിലവിൽ പൂർത്തീകരിക്കാതെ കരാറുകാരൻ നിറുത്തി വച്ചിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് നിലവിൽ കോടതിയിൽ കേസ് നില നിൽക്കുന്നുണ്ട്

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 വകുപ്പ് 2(1)b(i) പ്രകാരം ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നത് ഒരു പൊതു ആവശ്യമായി കാണാവുന്നതാണ്.

### 1.2.സ്ഥലം

എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിലെ പള്ളിപ്പുറം, കുഴുപ്പിള്ളി എന്നീ വില്ലേജുകളിൽ ഉൾപ്പെടുന്നതാണ് നിർദ്ദിഷ്ട പദ്ധതി പ്രദേശം. ഈ പ്രദേശം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിൻെറ 21, 23 എന്നീ വാർഡുകളിൽ ഉൾപ്പെടുന്നു.

### 1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും സ്വഭാവവും

കൊച്ചി താലൂക്കിലെ പള്ളിപ്പുറം, കുഴുപ്പിള്ളി വില്ലേജുകളിൽ ഉൾപ്പെടുന്ന ഏകദേശം 69.91 സെൻറ് ഭൂമിയാണ് കോൺവെൻറ് ബീച്ച് പാലത്തിനുള്ള അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമിയുടെ തരം പട്ടിക 1.1ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 1.1**

**ഏറ്റെടുക്കപ്പെടുന്ന ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ**

**വില്ലേജ് : കുഴുപ്പിള്ളി ബ്ലോക്ക്: 1 താലൂക്ക്: കൊച്ചി**

| ക്രമ നമ്പർ | റീസർവ്വേ നമ്പർ | വിവരണം | വിസ്തീർണ്ണം (ആറിൽ) |
|---|---|---|---|
| 1 | 216/5 | പുറമ്പോക്ക് | ** |
| 2 | 216/7 | പുരയിടം | 00.88 |
| 3 | 216/12 | പുരയിടം | 00.45 |
| 4 | 216/13 | പുരയിടം | 00.80 |
| 5 | 216/14 | പുറമ്പോക്ക് | ** |
| 6 | 217/10 | പുരയിടം | 00.30 |
| 7 | 217/11 | പുരയിടം | 00.70 |
| 8 | 217/14 | നിലം | 00.93 |
| 9 | 217/15 | പുരയിടം (ഭൂസ്ഥിതി വഴി) | ** |
| 10 | 217/16 | പുരയിടം | 01.58 |
| 11 | 217/19 | പുരയിടം | 00.32 |
| 12 | 217/20 | പുരയിടം | 00.09 |
| 13 | 218/1 | പുരയിടം | 00.30 |
| 14 | 218/7 | പുരയിടം | 01.25 |
| 15 | 218/8 | പുരയിടം | 00.05 |
| 16 | 218/9 | പുറമ്പോക്ക് | 00.13 |
| 17 | 218/10 | പുരയിടം | 01.35 |

| | | | |
|---|---|---|---|
| 18 | 218/11 | പുരയിടം | 00.60 |
| 19 | 218/14 | പുരയിടം | 04.90 |
| 20 | 218/15 | പുരയിടം | 00.05 |
| 21 | 195/1 | പുരയിടം | 00.19 |
| 22 | 195/8 | പുരയിടം (നിലവിൽ പുഴ) | 00.10 |
| 23 | 195/9 | പുരയിടം | ** |
| 24 | 219/8 | പുരയിടം | 00.40 |
| 25 | 219/9 | നിലം | 03.50 |
| 26 | 219/10 | പുരയിടം | 0.50 |

**വില്ലേജ് : പള്ളിപ്പുറം**

**(ഏകദേശ വിസ്തീർണ്ണമാണ് കൊടുത്തിരിക്കുന്നത്)**

| ക്രമ നമ്പർ | റീസർവ്വേ നമ്പർ | വിവരണം | വിസ്തീർണ്ണം (ആറിൽ) |
|---|---|---|---|
| 1 | 27/1 | പുറമ്പോക്ക് | 01.88 |
| 2 | 27/35 | പുരയിടം | 00.16 |
| 3 | 27/36 | പുരയിടം | 00.15 |
| 4 | 27/37 | പുരയിടം | 00.10 |
| 5 | 28/1 | പുരയിടം | 00.32 |
| 6 | 28/2 | പുറമ്പോക്ക് | 00.20 |
| 7 | 28/3 | പുരയിടം | 01.83 |
| 8 | 28/4 | പുരയിടം | 04.29 |
| 9 | 28/26 | പുരയിടം | |
| 10 | 28/29 | പുരയിടം | |

### 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

നിലവിൽ പണിത് കൊണ്ടിരിക്കുന്ന പാലത്തിൻെറ അപ്രോച്ച് റോഡ് നിർമ്മാണത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനാൽ ബദൽ മാർഗ്ഗങ്ങൾ പരിഗണിക്കുന്നതിൽ പ്രസക്തിയില്ല.

## 1.5.സാമൂഹ്യ പ്രത്യാഘാതങ്ങൾ

പദ്ധതിയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന്റെ പ്രധാന ആഘാതങ്ങൾ താഴെ പറയുന്നു:

- പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നത് പദ്ധതി പ്രദേശത്തെ ഭൂവുടമകളായ 26 കുടുംബങ്ങളുടേയും 2 സ്ഥാപനങ്ങളുടേയും ഉടമസ്ഥതയിലുള്ള ഭൂമിയെ ബാധിക്കും.
- പദ്ധതിക്കായി ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ ഒരു കുടുംബത്തിന്റെ നിലവിൽ താമസിച്ച് കൊണ്ടിരിക്കുന്ന വീട് ഏറ്റെടുക്കപ്പെടും.
- ഒരു കുടുംബത്തിന്റെ മുഖ്യ ഉപജീവന മാർഗ്ഗം നഷ്ടപ്പെടും.
- ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ ഫലദായകമായ 15 തെങ്ങുകൾ മുറിച്ച് മാറ്റപ്പെടും.

## 1.6. ലഘൂകരണ നടപടികൾ

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവണ്മെൻറ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ട് പുനരധിവാസ പുന:സ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളുക.
- പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതുമൂലം വീടും മുഖ്യ ഉപജീവന മാർഗ്ഗവും നഷ്ടപ്പെടുന്ന വ്യക്തിക്ക് അനുയോജ്യമായ നഷ്ടപരിഹാരം കാല താമസം കൂടാതെ നൽകുക.
- ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാത ബാധിതർക്കുള്ള നഷ്ടപരിഹാരം കഴിയുന്നത്ര വേഗത്തിൽ നൽകുകയും ചെയ്യുക.

## അദ്ധ്യായം 2

## പദ്ധതിയുടെ വിശദവിവരങ്ങൾ

### 2.1 പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പെടെ പദ്ധതിയുടെ പശ്ചാത്തലം

കോൺവെൻറ് ബീച്ച് പാലം അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനായി കൊച്ചി താലൂക്കിൽ കുഴുപ്പിള്ളി, പള്ളിപ്പുറം വില്ലേജുകളിൽ നിന്നും 69.91 സെൻറ് ഭൂമി ഏറ്റെടുക്കുന്നതിനായി സ.ഉ(സാധാ)നം.2222/2021/RD, തീയതി 24.06.2021 പ്രകാരം ഭരണാനുമതിയും ടി പദ്ധതിക്കായി 3,29,00,000/ രൂപ അനുവദിച്ച് സ.ഉ(സാധാ) നം.1964/2018/ പി.ഡബ്ലിയു.ഡി, തീയതി 19.12.2018 പ്രകാരം ഉത്തരവായിട്ടുള്ളതും ആണ്. ആയതനുസരിച്ച് എറണാകുളം പാലങ്ങൾ വിഭാഗം എക്സിക്ക്യൂട്ടീവ് എഞ്ചിനീയർ 10.08.2021 ലെ എ3-1628/11(2) പ്രകാരം അർത്ഥനാപത്രം സമർപ്പിച്ചിട്ടുള്ളതാണ്.

എക്സിക്ക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, പാലങ്ങൾ വിഭാഗം എറണാകുളം ആണ് പദ്ധതിയുടെ നിർവ്വാഹകർ. നിർദ്ദിഷ്ട പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ അധികാരി സ്പെഷ്യൽ തഹസിൽദാർ, എൻ.എച്ച്.-3, വൈറ്റില, എറണാകുളം ആണ്. ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഉത്തരവാദിത്തം അദ്ദേഹത്തിൽ നിക്ഷിപ്തമാണ്.

### 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 വകുപ്പ് 2(1)b(i) പ്രകാരം നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നത് ഒരു പൊതു ആവശ്യമായി കാണാവുന്നതാണ്.

### 2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കിലെ പള്ളിപ്പുറം, കുഴുപ്പിള്ളി വില്ലേജുകളിൽ ഉൾപ്പെട്ടതാണ് പദ്ധതിപ്രദേശം. ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിൻെറ വാർഡ് 21, 23 കളിൽ ഉൾപ്പെടുന്നു. എറണാകുളം ജില്ലയിലെ കാപ്പ പുഴയ്ക്ക് കുറുക്ക് നിർമ്മിച്ചുകൊണ്ടിരിക്കുന്ന പാലത്തിൻെറ ഇരുകരകളിലുമായി പദ്ധതി പ്രദേശം ഉൾക്കൊള്ളുന്നു. കുഴുപ്പിള്ളി വില്ലേജിൽ നിന്നും 33.39 സെൻറും പള്ളിപ്പുറം വില്ലേജിൽ നിന്നും 36.52 സെൻറ് ഭൂമിയുമാണ് പദ്ധതിക്കായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്.

**ചെലവ്:**പാലം നിർമ്മിക്കുന്നതിനും അപ്രോച്ച് റോഡ് നിർമ്മാണത്തിനും വേണ്ടി വരുന്ന ചിലവ് പ്രതീക്ഷിക്കുന്നത് 24.46 കോടി രൂപയാണ്. ഭൂമി ഏറ്റെടുക്കുന്നതിനായി 3.29 കോടി അനുവദിച്ചിട്ടുള്ളത്.

## 2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

നിലവിലുള്ള പാലത്തിൻെറ അപ്രോച്ച് റോഡ് നിർമ്മാണമായതിനൽ ബദൽ മാർഗ്ഗങ്ങൾ പരിശോധിക്കുന്നതിൽ പ്രസക്തിയില്ല

### 2.5. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

അപ്രോച്ച് റോഡിൻെറ നിർമ്മാണത്തിനായി ബീച്ച് ഭാഗത് 200 മീറ്റർ നീളത്തിലും കോൺ വെൻറ് ഭാഗത്ത് 85 മീറ്റർ നീളത്തിലും ഭൂമി ഏറ്റെടുക്കേണ്ടി വരും.

### 2.6 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

ബാധകമല്ല

## 2.7 ആവശ്യമായ തൊഴിൽ ശക്തി

പദ്ധതിയുടെ നിർമ്മാണം ഏറ്റെടുക്കുന്ന കരാറുകാരനായിരിക്കും ഇതിനാവശ്യമായ വിദഗ്ധ, അവിദഗ്ധ തൊഴിൽ ശക്തി ഏർപ്പാടക്കുന്നതിനുള്ള ഉത്തരവാദിത്വം.

### 2.8. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

പരിസ്ഥിതി/ പ്രത്യാഘാത വിലയിരുത്തൽ പഠനത്തെക്കുറിച്ചുള്ള വിവരങ്ങൾ ലഭിച്ചിട്ടില്ല

### 2.9. ബാധകമായ നിയമങ്ങളും നയങ്ങളും

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ട പരിഹാരം, പുനരധിവാസം, പുന:സ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം, 2013.
- കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015.
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കെരള സർക്കാർ –റവന്യൂ (ബി) വകുപ്പ് 23.09.2015 ന് പുറപ്പെടുവിച്ച ഉത്തരവ് നമ്പർ G.O.(MS)No.485/2015/RD പ്രകാരമുള്ള സസ്ഥാന സർക്കാരിൻെറ നയം.
- കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RDപ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള പോളിസി.

# അദ്ധ്യായം 3

## പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

എറാണാകൂളം ജില്ലയിലെ കോൺവെൻറ് ബീച്ച് പാലം അപ്പ്രോച്ച് റോഡ് നിർമ്മാണത്തിനായി കുഴുപ്പിള്ളി, പള്ളിപ്പുറം വില്ലേജുകളിൽ നിന്നും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 ലെ കേന്ദ്ര ആക്ട്, 30) 4 (1) വകുപ്പ് അനുശാസിക്കുന്ന പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി സാമൂഹ്യ പ്രത്യാഘാത നിർണ്ണയ പഠന റിപ്പോർട്ടും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയും തയ്യാറാക്കുന്നതിന് വേണ്ടി ശ്രീമതി പ്രിൻസി ജേക്കബിനെ ചുമതലപ്പെടുത്തിക്കൊണ്ട് കേരള സർക്കാർ, റവന്യു (ബി) വകുപ്പ് 4(1) വിജ്ഞാപനം പുറപ്പെടിവിച്ചു. (അവലംബം: 27.09.2024 ൽ പ്രസിദ്ധീകരിച്ചിട്ടുള്ള e gazette വിജ്ഞാപനം Vol.13, No.3045)

### 3.1 പഠന സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ

നിർദ്ദിഷ്ട സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനായി ഈ മേഖലയിലും സമാന മേഖലകളിലും പ്രത്യേകിച്ച് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ പരിചയമുള്ളവരേയും മതിയായ യോഗ്യത ഉള്ളവരേയും പഠന സംഘത്തിൽ ഉൾപ്പെടുത്തി. അവർക്കു നിശ്ചിത ഉത്തരവാദിത്തങ്ങളും കർത്തവ്യങ്ങളും നൽകി. പഠന സംഘത്തിൻെറ വിശദാംശങ്ങൾ താഴെയുള്ള പട്ടികയിൽ കാണിച്ചിരിക്കുന്നു.

**പട്ടിക 3.1.സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം**

| **ക്രമ നമ്പർ** | **പേര്** | **വിദ്യാഭ്യാസ യോഗ്യത, പദവി** | **പ്രവർത്തന പരിചയം** |
|---|---|---|---|
| 1 | പ്രിൻസി ജേക്കബ് | എം.എസ്.ഡബ്ല്യൂ, ചെയർപേഴ്സൺ, എസ്.ഐ.എ യൂണിറ്റ് | വികസനമേഖലയിൽ 29 വർഷം |
| 2 | ഐജൻ സി.എ | ബി.എ, ബി. എഡ്, ഫീൽഡ് ഇൻവെസ്റ്റിഗേറ്റർ | വികസനമേഖലയിൽ 27 വർഷം. |

**3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ട വിവരശേഖരണം നടത്തിയ രീതിയും**

പഠന സംഘം പദ്ധതി ബാധിത പ്രദേശ സന്ദർശനം നടത്തുകയും റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച രേഖകളും ഭൂമി ഏറ്റെടുക്കൽ കല്ലിൻെറ വിന്യാസ പ്രകാരം പദ്ധതി ബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തയ്യാറാക്കുകയും ചെയ്തു. വിവരശേഖരണത്തിൻെറ ഭാഗമായി പദ്ധതി ബാധിത കുടുംബങ്ങളുടെ സാമൂഹ്യ സാമ്പത്തിക സർവ്വേയും പദ്ധതിയെക്കുറിച്ച് പ്രാദേശിക സ്വയം ഭരണ പ്രതിനിധികളുടെ അഭിപ്രായങ്ങൾ ആരായുകയും ചെയ്തു. നിർദ്ദിഷ്ട പദ്ധതിയുടെ വിവരങ്ങൾ കേരള പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിരത്ത് വിഭാഗം, എറണാകുളം നിന്നും പദ്ധതി സംബന്ധമായ വിവരങ്ങൾ ശേഖരിച്ചു. പ്രാഥമിക-ദ്വിതീയ മാർഗ്ഗങ്ങളിലൂടെ ശേഖരിച്ച വിവരങ്ങൾ വിശകലനം ചെയ്ത ശേഷമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖയും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയും തയ്യാറാക്കിയിരിക്കുന്നത്. പഠനത്തിൻെറ കരട് റിപ്പോർട്ട് പബ്ലിക്ക് ഹിയറിംഗിൽ അവതരിപ്പിക്കുകയും ഹിയറിംഗിൽ ലഭിച്ച

നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് അന്തിമ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

### 3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

പദ്ധതി ബാധിതമാകുന്ന 26 കുടുംബങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. കൂടാതെ പള്ളിപ്പുറം പഞ്ചായത്തിന്റെ പദ്ധതി പ്രദേശത്തെ വാർഡ് പ്രതിനിധികളുമായി ചർച്ച ചെയ്യുകയും ചെയ്തു

### 3.4 വിവര സ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം

പ്രാഥമിക-ദ്വിതീയ സ്രോതസ്സുകളെ ആശ്രയിച്ചാണ് പഠന സംഘം വിവര ശേഖരണം നടത്തിയത്. പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരിൽനിന്നും ശേഖരിച്ച വിവരങ്ങളാണ് പ്രാഥമിക ഉറവിടങ്ങൾ. റവന്യൂ വകുപ്പിൽനിന്നും ലഭിച്ച ഭൂരേഖകളും കേരള പൊതുമരാമത്ത് വകുപ്പ് എക്സിക്ക്യൂട്ടീവ് എഞ്ചിനീയർ, പാലം വിഭാഗം, എറണാകുളം നിന്നും പദ്ധതിയെ സംബന്ധിച്ച് ലഭിച്ച വിവരങ്ങളുമാണ് ദ്വിതീയ ഉറവിടങ്ങൾ.

### 3.5 തൽപ്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചയും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും

**പട്ടിക3.2 സാമൂഹ്യ പ്രത്യാഘാത പഠനസംഘം നടത്തിയ വിവിധ പ്രവർത്തനങ്ങൾ**

| തീയതി | പ്രവർത്തനങ്ങൾ |
|---|---|
| 27.09.2024 | ഗസറ്റ് വിഞ്ജാപനം 4(1) |
| 15.11.2024 –16.11.2024 | പദ്ധതി ബാധിത കുടുംബങ്ങളുടെ വിവര ശേഖരണം |
| 13.02.2025 | പബ്ലിക് ഹിയറിംഗ് സംബന്ധിച്ചുള്ള പത്ര വിജ്ഞാപനം |
| 28.02.2025 | പബ്ലിക് ഹിയറിംഗ് |

സാമൂഹ്യ പ്രത്യാഘാത വിൽകയിരുത്തൽ പഠനത്തിന്റെ ഭാഗമായി 28.02.2025 ന് രാവിലെ 11 മണിക്ക് പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ വാർഡ് 21 ലെ പൊതുക്ഷേമ മരണ സഹായ സമിതി ബിൽഡിംഗിൽ വച്ച് പബ്ലിക് ഹിയറിംഗ് നടത്തി. പബ്ലിക്

ഹിയറിംഗിൽ പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിൻെറ 21, 23 വാർഡ്കളുടെ മെമ്പർമാരായ ശ്രീ സി.എച്ച്.അലി, ശ്രീ.ശീമോൻ, വി.ജി., ബ്ലോക്ക് പഞ്ചാത്ത് മെമ്പർ ശ്രീമതി.സുബോധ ഷാജി എന്നിവർ പങ്കെടുത്തു. കൂടാതെ ശ്രീമതി സജ്ന എസ്.എ, പൊതുമരാമത്ത് വകുപ്പ് അസ്സിസ്റ്റൻറ് എക്സിക്ക്യുട്ടീവ് എഞ്ചിനീയർ, പാലം വിഭാഗം, എറണാകുളം. ശീമതി അന്ന പാപ്പച്ചൻ, അസ്സിസ്റ്റൻറ് എഞ്ജിനീയർ, ശ്രീമതി.ഗോപിക.വി.ബി. ഓവർസീയർ, പി ഡബ്ലിയു.ഡി. പാലം വിഭാഗം, നോർത്ത് പറവൂർ, ശ്രീമതി.സോണി ബേബി, സ്പ്ഷ്യൽ തഹസിൽദാർ (എൽ.എ), എൽ.എ, എൻ.എച്ച്-3, വൈറ്റില). ശ്രീ.സഞ്ചിത്ത്.സി, റവന്യൂ ഇൻസ്പെക്ടർ, എസ് ഐ,എ യൂണിറ്റ് പ്രതിനിധികൾ എന്നിവരും സന്നിഹിതരായിരുന്നു. പദ്ധതിയെ സംബന്ധിച്ച് ശ്രീമതി. സജ്ന എസ്.ജെ. വിശദീകരിക്കുകയും ഭൂമി ഏറ്റെടുക്കൽ നടപടി ക്രമങ്ങളെക്കുറിച്ച് ശ്രീമതി.സോണി ബേബിയും വിശദീകരിച്ചു. സാമൂഹ്യപ്രത്യാഘാത പഠനത്തിൻെറ കരട് റിപ്പോർട്ട് ശ്രീമതി.പ്രിൻസി ജേക്കബ് അവതരിപ്പിച്ചു.

പബ്ലിക് ഹിയറിംഗിൽ പങ്കെടുത്ത ജനപ്രതിനിധികളായ ശ്രീ.സി.എച്ച്. അലി, ശ്രീ.ശീമോൻ, ശ്രീമതി.സുബോധ എന്നിവർ ഈ പദ്ധതി നടപ്പിലാകേണ്ടത് ഇവിടത്തെ ജനങ്ങളുടെ ആവശ്യമാണെന്നും പ്രത്യേകിച്ച് വാർഡ് 23 ലെ ജനങ്ങൾക്ക് വളരെയധികം പ്രയോജനപ്പെടുന്നതാണെന്നും ഈ പദ്ധതിക്ക് വേണ്ടി എല്ലാ വിധ സഹായ സഹകരണങ്ങളും നൽകുമെന്നും അഭിപ്രായപ്പെട്ടു. പബ്ലിക് ഹിയറിംഗിൽ പങ്കെടുത്ത ജനങ്ങൾ അവരുടെ ആശങ്കളും സംശയങ്ങളും അവതരിപ്പിച്ചു. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇവർ ഉന്നയിച്ച ആശങ്കകൾക്കും സംശയങ്ങൾക്കും മറുപടി നൽകി.പബ്ലിക് ഹിയറിംഗിൽ പങ്കെടുത്തവർ ഉന്നയിച്ച ആശങ്കകൾക്കും പരാതികൾക്കും മറുപടി ലഭിക്കുന്നതിനായി എക്സിക്യുട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, പാലം വിഭാഗം, എറണാകുളം. സ്പ്ഷ്യൽ തഹസിൽദാർ എൽ.എ, (എൻ.എച്ച്-3, വൈറ്റില), എറണാകുളം എന്നിവർക്ക് എസ്.ഐ.എ യൂണിറ്റ് സമർപ്പിക്കുകയും ചെയ്തു. പദ്ധതി ബാധിതർ ഉന്നയിച്ച ആശങ്കകളും ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച മറുപടിയും പട്ടിക3.3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പബ്ലിക്ക് ഹിയറിംഗിൽ ലഭിച്ച നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയാണ് അന്തിമ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

# പബ്ലിക് ഹിയറിംഗ്


പബ്ലിക് ഹിയറിംഗ്
സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം
തീയതി : 2025 ഫെബ്രുവരി 28 രാവിലെ 11 മണി
അർത്ഥനാധികാരി :
എക്സിക്യൂട്ടീവ് എഞ്ചിനീയർ , പൊതുമരാമത്ത് വകുപ്പ് (പാലം വിഭാഗം ) എറണാകുളം
എസ്.ഐ.എ യൂണിറ്റ് :
പ്രിൻസി ജേക്കബ്
ആലിൻചുവട് എറണാകുളം











 

**പട്ടിക3.3.**

**<u>പബ്ലിക്ക് ഹിയറിംഗിൽ പങ്കെടുത്തവർ ഉന്നയിച്ച ആശങ്കകൾ</u>**

| ക്രമ നമ്പർ | പേരും വിലാസവും | സർവ്വേ നമ്പർ | പങ്കെടുത്തവർ ഉന്നയിച്ച ആശങ്കകൾ | ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭിച്ച മറുപടി |
|---|---|---|---|---|
| **വേദി : പൊതുജന ക്ഷേമ സഹായ സമിതി ഓഫീസ്, വാർഡ് 21, പള്ളിപ്പുറം തീയ്യതി, സമയം: 28.02.2025, രാവിലെ 11 മണി** | | | | |
| 1. | വാട്സൺ | 218/7 | കോൺവെൻെറ് ബീച്ച് പാലം നിർമ്മാണ പദ്ധതി തുടങ്ങിയിട്ട് 7 വർഷം കഴിഞ്ഞു. ഭൂമി ഏറ്റെടുത്ത് നഷ്ട പരിഹാരം ലഭിക്കുന്നതിന് എത്രനാൾ എടുക്കും? | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 2013 പ്രകാരമുള്ള നടപടികൾക്ക് വിധേയമായി ഏറ്റവും വേഗം നഷ്ട പരിഹാരം നൽകുന്നതാണ്. (സ്പെഷ്യൽ തഹസിൽദാർ, എൻ.എച്ച്.നുമ്പർ -3, വൈറ്റില) |
| 2. | ജയൻ | 28/4-5<br>28/4-6<br>28/3-1 | 1.എൻെറ ഭൂമിയും വീടും ഈ പദ്ധതിക്കയി എറ്റെടുക്കപ്പെടുന്നുണ്ട്. ഇതിൻെറ നഷ്ട പരിഹാരം ലഭിക്കുന്നതിന് കാലതാമസം എത്രയുണ്ടാകും?<br>2.വീട് നഷ്ടപ്പെടുന്നതിനുള്ള | 1.ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 2013 പ്രകാരമുള്ള നടപടികൾക്ക് വിധേയമായി ഏറ്റവും വേഗം നഷ്ട പരിഹാരം നൽകുന്നതാണ്.<br>2.കെട്ടിടത്തിൻെറ വില സർക്കാർ ഏജൻസിയാണ് നിശ്ചയിച്ചു |

| | | | | |
|---|---|---|---|---|
| | | | നഷ്ട പരിഹാരം എത്രയാണ്? | നൽകുന്നത്. ആയതു പ്രകാരം നഷ്ട പരിഹാരം നൽകുന്നതായിരിക്കും. (സ്പെഷ്യൽ തഹസിൽദാർ, എൻ.എച്ച്.നുമ്പർ –3, വൈറ്റില) |
| 3. | ശ്രീശൻ | | കോൺവെൻെറ് ബീച്ച് പാലത്തിൻെറ അപ്രോച്ച് റോഡിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നത് മാത്രമേ ഇവിടെ സംസാരിച്ചുള്ളൂ. അപ്രോച്ച്റോഡ് കഴിഞ്ഞ് മെയിൻറോഡ് എത്തുന്നത് വരെയുള്ള റോഡിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നുണ്ടോ? അപ്രോച്ച് റോഡ് വന്നിട്ട് കാര്യമില്ലല്ലോ, പിന്നീടുള്ള ഭാഗം വളരെ വീതി കുറവാണ്. | കോൺവെൻറ് ബീച്ച് പാലത്തിൻെറ നിർമ്മാണവുമായി ബന്ധപ്പെട്ട് അപ്രോച്ച്, ബീച്ച് സൈഡിൽ ബീച്ച് റോഡ് വരെ വീതി കൂട്ടി പുനർനിർമ്മിക്കുന്നു.കോൺ വെൻറ് സൈഡിൽ 90 മീറ്റർ നീളത്തിൽ അപ്രോച്ച് നീളത്തിൽ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ മാത്രമേ നിലവിൽ ഉള്ളൂ. തുടർന്ന് കോൺവെൻറ് ജംഗ്ഷൻ വരെയുള്ള റോഡ് മറ്റേതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് വീതി കൂട്ടി പുനർ നിർമ്മിക്കേണ്ടതുണ്ട്. (എക്സിക്യ്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, പാലം വിഭാഗം, എറണാകുളം) |
| 4. | നൈജുമോൻ വി.വി | 218/7–2 | ഞങ്ങളുടെ ഭൂമിയൊക്കെ വഖഫ് പ്രശ്നത്തിൽ ബന്ധപ്പെട്ട് കിടക്കുന്നതാണ്. ഭൂമി ഏറ്റെടുക്കുമ്പോൾ ഞങ്ങളുടെ ഏറ്റെടുക്കുന്ന ഭൂമിയുടെ നഷ്ട പരിഹാരം ലഭിക്കുമോ? | സർക്കാർ തീരുമാന പ്രകാരവും നിർദ്ദേശ പ്രകാരവും നടപടികൾ സ്വീകരിക്കുന്നതാണ്. (സ്പെഷ്യൽ തഹസിൽദാർ, എൻ.എച്ച്.നുമ്പർ –3, വൈറ്റില) |
| 5 | ബെന്നി, കുളങ്ങര വീട് | 216/7 | ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്നതിന് വഖഫ് പ്രശ്നത്തിൽ പെട്ടിട്ടുള്ള ഭൂമിക്ക് കൈവശാവകാശ | സർക്കാർ തീരുമാന പ്രകാരവും നിർദ്ദേശ പ്രകാരവും ആക്ടിൻെറ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. (സ്പെഷ്യൽ തഹസിൽദാർ, എൻ.എച്ച്.നമ്പർ–3, വൈറ്റില) |

| | | | | |
|---|---|---|---|---|
| | | | സർട്ടിഫിക്കറ്റ് ഇപ്പോൾ ലഭിക്കുകയില്ലാല്ലോ. അങ്ങിനെ വരുമ്പോൾ നഷ്ട പരിഹാരം ലഭിക്കുന്നതിനെക്കുറിച്ച് വ്യക്തത വേണം. | |

## അദ്ധ്യായം 4
## സ്ഥലത്തിൻെറ മൂല്യനിർണ്ണയം

### 4.1.ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം

എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കിലെ പള്ളിപ്പുറം, കുഴുപ്പിള്ളി വില്ലേജുകളിൽ ഉൾപ്പെട്ടതാണ് പദ്ധതിപ്രദേശം. ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിൻെറ വാർഡ് 21, 23കളിൽ ഉൾപ്പെടുന്നു. എറണാകുളം ജില്ലയിലെ കാപ്പ പുഴയ്ക്ക് കുറുക്ക് നിർമ്മിച്ചുകൊണ്ടിരിക്കുന്ന പാലത്തിൻെറ ഇരുകരകളിലുമായി പദ്ധതി പ്രദേശം ഉൾക്കൊള്ളുന്നു.



### 4.2 പദ്ധതിയുടെ സ്വാധീനം മൂലം പ്രത്യാഘാത ബാധിതമാകുന്നമൊത്തം പ്രദേശം

നിലവിലെ ഭൂമി ഏറ്റെടുക്കൽ കല്ലുകളുടെ വിന്യാസം അനുസരിച്ചും പ്രദേശത്തുനിന്നും സ്വീകരിച്ച വിവരങ്ങൾ പ്രകാരവും 26 കുടുംബങ്ങളേയും 2 സ്ഥാപനങ്ങളെയുമാണ് നിർദ്ദിഷ്ട പദ്ധതി പ്രത്യക്ഷമായി ബാധിക്കുന്നത്.

### 4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

അപ്രോച്ച് റോഡിൻെറ നിർമ്മാണത്തിനായി കോൺവെൻറ് സൈഡിൽ 33.39 സെൻറും ബീച്ച് സൈഡിൽ 36.52 സെൻറും ഭൂമിയാണ് ആവശ്യമായി വരുന്നത്.

**4.4.പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം**

ഇല്ല.

**4.5.പദ്ധതിക്കായി വില കൊടുത്തു വാങ്ങിയിരിക്കുന്നതോ പാട്ടത്തിനെടുത്തിരിക്കുന്നതോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം**

ബാധകമല്ല.

**4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും**

ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയോട് ചേർന്ന് വീടുകൾ ഉണ്ടെങ്കിലും ഭൂമി ഏറ്റെടുക്കുന്നതുമൂലം ആകെ ഒരു കുടുംബത്തിൻെറ മാത്രമേ വീട് നഷ്ടപ്പെടുന്നുള്ളൂ. ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നത് മൂലം കാര്യമായ വിപരീത പ്രത്യാഘാതങ്ങൾ ഇല്ല.

**4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയുണ്ടെങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം**

പദ്ധതിയ്ക്കുവേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ 25 സർവ്വേ നമ്പ റുകളിൽ ഉൾപ്പെടുന്ന ഭൂമി ''പുരയിടം'' വിഭാഗത്തിലും 5 സർവ്വേ നമ്പറുകൾ വീതം ''നിലം'', ''പുറമ്പോക്ക്'' എന്നീ തരങ്ങളിൽ ഉൾപ്പെടുന്നു. നിലവിൽ പദ്ധതി പ്രദേശത്ത് കൃഷി ചെയ്യുന്നില്ല. ഒരു സർവ്വേ നമ്പറിലെ ഭൂമി ഭൂസ്ഥിതി വഴി "പുരയിടം" വിഭാഗത്തിൽ ഉൾപ്പെടുന്നു.

**4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം**

റവന്യൂ വകുപ്പിൽനിന്നും ലഭിച്ച വിവരങ്ങളും, ഭൂരേഖകൾ, ആഘാതബാധിതരിൽനിന്നും ലഭിച്ച വിവരങ്ങൾ എന്നിവയിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നത് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ 31 സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്ന ഭൂമി സ്വകാര്യ വ്യക്തികളുടേയും 5 സർവ്വേ നമ്പറുകളിലെ ഭൂമി പുറമ്പോക്കിലുമുൾപ്പെടുന്നു. പദ്ധതി പ്രദേശത്ത് വഖഫ് ഭൂമിയുടെ തർക്കത്തിൽ ഉൾപ്പെടുന്ന ഭൂമിയും വരുന്നുണ്ട്. 5 കുടുംബങ്ങൾ ഒഴികെ മറ്റ് കുടുംബങ്ങൾ എല്ലാം പദ്ധതി പ്രദേശത്ത് താമസിക്കുന്നവരാണ്.

**4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമികൈമാറ്റവും, വിലയും, ഉപയോഗവും**

വിവരദാതാക്കളിൽനിന്ന് ലഭിച്ച വിവരപ്രകാരം കഴിഞ്ഞ 3 വർഷങ്ങളിൽ ഭൂമി കൈമാറ്റം നടന്നിട്ടില്ല.

## അദ്ധ്യായം 5

# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

പ്രസ്തുത പദ്ധതിമൂലം പ്രത്യക്ഷമായും പരോക്ഷമായും പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളെക്കുറിച്ചുള്ള വിവരങ്ങളാണ് ഈ അദ്ധ്യായത്തിൽ വിവരിക്കുന്നത്.

## 5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

### 5.1.1പദ്ധതിയുടെ പ്രത്യക്ഷപ്രത്യാഘാതബാധിത കുടുംബങ്ങൾ

### (ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)

2013 ലെ ആക്ടിൻെറ സെക്ഷൻ 3 പ്രകാരം പദ്ധതിബാധിത കുടുംബങ്ങൾ എന്ന് പറയുന്നത് വസ്തുവകകൾ നഷ്ടമാകുന്നവരോ, ആ പ്രദേശത്ത് കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവരോ, മൂന്ന് വർഷത്തിലധികമായി വാടകയ്ക്ക് താമസിക്കുന്നവരോ, ഉപജീവനമാർഗ്ഗം നഷ്ടമാകുന്നവരോ ആണ്. ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ ഉടമസ്ഥതയുള്ള 26 കുടുംബങ്ങൾ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. കൂടാതെ 2 സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയും ഉൾപ്പെടുന്നു.നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൽ ഉൾപ്പെടുന്ന ഭൂവുടമകളുടെ വിവരങ്ങൽ പട്ടിക 5.1 ൽ കൊടുത്തിരിക്കുന്നു

**പട്ടിക.5.1 ഭൂവുടമകളുടെ പേര് വിവരങ്ങൾ**

| കുഴുപ്പിള്ളി വില്ലേജ് | | |
|---|---|---|
| **ക്രമ നമ്പർ** | **റീ സർവ്വേ നമ്പർ** | **ഭൂവുടമയുടെ പേര്** |
| 1 | 195/8,217/6, 217/16 | റിവേര ഹോസ്പിറ്റാലിറ്റി |
| 2 | 195/9, 217/15 | ഫാറൂഖ് കോളേജ് |
| 3 | 216/7-2 | ലിസി ബെന്നി കുളങ്ങര |
| 4 | 216/7, 216/12, 218/12, 218/13 | നിർമ്മല വേലായുധൻ മുനമ്പം |

| | | |
|---|---|---|
| 5 | 216/11-2, 218/10, 218/15, 218/8 | രഘു വേലായുധൻ, കടുവങ്കശ്ശേരി, മുനമ്പം |
| 6 | 216/13 | ഭാർഗ്ഗവി അയ്യപ്പൻ, നികത്തിൽ |
| 7 | 217/10 | സ്റ്റീഫൻ, പീറ്റർ മകൻ, വെള്ളപ്പനാട്, മുനമ്പം ബീച്ച് |
| 8 | 217/11 | 1. ബാബു, കുമാരൻ മകൻ, മുനമ്പം വീട്ടിൽ<br>2.അനില ബാബു, മുനമ്പം |
| 9 | 217/11 | സുബിൻ ബാബു, കുരിശ്ശിങ്കൽ, പള്ളിപ്പുറം |
| 8 | 217/11 | ബാബു കുമാരൻ മുനമ്പം വീട്ടിൽ ആൻറ് അനില ബാബു |
| 10 | 217/14 | പരേതയായ പുഷ്പവല്ലി ലക്ഷ്മണൻ, പങ്കിയാം പറമ്പിൽ,മുനമ്പം |
| 11 | 217/14-2 | ജോഷി ബോസ് മണപ്പുറത്ത്, മുനമ്പം |
| 12 | 217/16 | സ്മിജു ആൻറണി, മാവുങ്കൽ, സ്മിനു ആൻറണി, മാവുങ്കൽ |
| 13 | 217/16 | റീനി ജോർജ് |
| 14 | 217/19, 217/20 | ജോഷി പീറ്റർ ചാരങ്കുളത്ത് |
| 15 | 218/1 | ശിവൻ കണ്ണേത്ത് |
| 16 | 218/7 | വാട്സൺ വില്ലാർവട്ടത്തിൽ |
| 17 | 218/7-2 | നൈജുമോൻ, വില്ലാർവട്ടത്തിൽ |
| 18 | 218/11 | സെൽവരാജ്, ഇക്കോരുപറമ്പിൽ. രാമകൃഷ്ണൻ മകൻ, ഇക്കോരുപറമ്പിൽ, മുനമ്പം |
| 19 | 218/14 | സുഷമ, രഘു ഭാര്യ, കടുവങ്കശ്ശേരി, മുനമ്പംകടുവങ്കശ്ശേരി, മുനമ്പം |
| 20 | 219/8 | ശങ്കരൻ കണ്ണേത്തുശ്ശേരി |

| | | |
|---|---|---|
| 21 | 219/8-2-2 | റോക്കി,ജയിംസ്, ആൻറണി, സേവ്യാർ, വർഗ്ഗീസ്, വിൻസെൻറ്, പത്രോസ് മഠത്തിപറമ്പിൽ ഹൗസ്, പള്ളിപ്പുറം |
| 22 | 219/9 | വർഗീസ്സ് ബനവന്തുരു അച്ചാരു പറമ്പിൽ, പള്ളിപ്പുറം |
| 23 | 219/10 | വർഗ്ഗീസ് & ജോസഫ് അച്ചാരു പറമ്പിൽ പള്ളിപ്പുറം |
| | പള്ളിപ്പുറം വില്ലേജ് | |
| **1** | 27/35, 27/36,28/29, | ജൂഡ് ആൻറണി ജേക്കബ്, ലിസി എന്ന് മറിയാമ്മ ജേക്കബ്, വാച്ചാക്കൽ ഹൗസ്, പള്ളിപ്പുറം |
| **2** | 28/3-2 | സലിം നികത്തിൽ S/o കുമാരൻ നികത്തിൽ |
| **3** | 28/3-3, 28/4-5, 28/4-6 | ജയൻ നികത്തിൽ S/o കുമാരൻ നികത്തിൽ |
| **4** | 28/26 | നഹീം കൊച്ചു മുഹമ്മദ് കൈതക്കാപറമ്പിൽ,അഴീക്കോട് |
| 5 | 27/37 | സുദർശനൻ കണ്ണേത്ത്, പള്ളിപ്പുറം |

**5.1.2 പദ്ധതിയുടെ പ്രത്യക്ഷ ആഘാതബാധിതരാകുന്ന കുടുംബങ്ങളുടെ സാമൂഹ്യപശ്ചാത്തലം**

പദ്ധതിബാധിതമാകുന്ന 26 കുടുംബങ്ങളും പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുന്നു.

**5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ**

പദ്ധതി പ്രദേശം വനഭൂമിയിൽ പെടുന്നതല്ല.

**5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നത് മൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതുമൂലം പൊതു വിഭവങ്ങൾ ആഘാത ബാധിതമാകുന്നില്ല.

**5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ചസ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

ഇല്ല.

**5.5. മൂന്ന് വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

പദ്ധതി പ്രദേശം നഗര പ്രദേശം അല്ല.

**5.6. മൂന്ന് വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

ആഘാത ബാധിതമാകുന്ന കുടുംബങ്ങൾ നൽകിയ വിവരങ്ങൾ പ്രകാരം പദ്ധതിയുടെ പ്രത്യക്ഷാഘാതം നേരിടുന്നവരിൽ ഒരാളുടെ മുഖ്യ ഉപജീവന മാർഗ്ഗം നഷ്ടപ്പെടും.

**5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)**

പദ്ധതി പ്രദേശത്ത് കടത്ത് വള്ളം നടത്തി ഉപജീവന മാർഗ്ഗം നടത്തുന്ന ജയൻ നികത്തിലിൻെറ തൊഴിൽ നഷ്ടപ്പെടും. ഈ വ്യക്തിയുടെ വീടും ഭൂമിയും നഷ്ടപ്പെടുന്നതിനാൽ പ്രത്യക്ഷാഘാത ബാധിതരിലുമുൾപ്പെടുന്നു.

**5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവര പട്ടിക**

പദ്ധതി പ്രദേശത്തെ 36 സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്ന ഭൂമി ഭാഗീകമായി ഏറ്റെടുക്കപ്പെടും. ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ ലെ ഒരു വീടും ഫലദായകമായ 15 തെങ്ങുകളും നഷ്ടപ്പെടും.

## അദ്ധ്യായം 6

# സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)

### 6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

56 പുരുഷന്മാരും 52സ്ത്രീകളും ഉൾപ്പെടുന്ന 26 കുടുംബങ്ങളെയാണ് നിർദ്ദിഷ്ട പദ്ധതി ബാധിതമാകുന്നത്. ഇതിൽ 16 പേർ മുതിർന്ന പൗരന്മാരും 15 പേർ പതിനെട്ട് വയസ്സിന് താഴെയുള്ള കുട്ടികളും ആണ്. പദ്ധതി ബാധിതരിൽ ഭൂരി ഭാഗവും താഴ്ന്ന വരുമാനക്കാരാണ്

### 6.2 ദുർബ്ബലജനവിഭാഗം

60 വയസ്സിന് മുകളിലുള്ള 16 വൃദ്ധരും 18 വയസ്സിന് താഴെയുള്ള 5 കുട്ടികളും ദുർബ്ബല ജനവിഭാഗത്തിൽ ഉൾപ്പെടുന്നു. ഭിന്നശേഷിക്കാരിയായ ഒരു വൃദ്ധയും ഇവരിൽ ഉൾപ്പെടുന്നു.

### 6.3 ഭൂമിയുടെ ഉപയോഗവും ഉപജീവന മാർഗ്ഗവും

ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ താമസിക്കുന്ന ഒരു കുടുംബത്തിൻെറ വീട് ഏറ്റെടുക്കപ്പെടും .ഏറ്റെടുക്കപ്പെടുന്ന ഭൂമിയെ ആശ്രയിച്ച് ജീവിക്കുന്ന കുടുംബങ്ങൾ ഇല്ല. പക്ഷേ, പദ്ധതി പ്രദേശത്ത് കടത്ത് വള്ളം കരാർ വ്യവസ്ഥയിൽ നടത്തികൊന്ദിരിക്കുന്ന ഒരാളുടെ ഉപജീവന മാർഗ്ഗം നഷ്ടപ്പെടും. ഏറ്റെടുക്കുവൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ ഫലദായകമായ തെങ്ങുകൾ ഉണ്ട്. ഇതിൽ നിന്നും ലഭിക്കുന്ന ചെറിയ വരുമാനം നഷ്ടപ്പെടും.

### 6.4 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

ഏറ്റെടുക്കുന്ന ഭൂമിയിൽ പ്രത്യേകിച്ച് സമ്പത്തീക പ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ല.

### 6.5 പ്രാദേശിക ഉപജീവന ഘടകങ്ങൾ

ഭൂരിഭാഗം കുടുംബങ്ങളും, മുഖ്യമായി മത്സ്യ ബന്ധനവും അതിനോടനുബന്ധിച്ച ജോലികളും ചെയ്ത് ജീവിക്കുന്നവരാണ്. പദ്ധതിമൂലം ഇവയൊന്നും ആഘാത ബാധിതമാകുന്നില്ല.

### 6.6 പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

പദ്ധതി ബാധിത കുടുംബങ്ങളിൽ 20 അണുകുടുംബങ്ങളും മറ്റ് 6 കുടുംബങ്ങൾ കൂട്ടുകുടുംബങ്ങളും ആണ്. പദ്ധതി പ്രദേശത്ത് സാമൂഹിക സാംസ്കാരിക സംഘടനകളൊന്നും ആഘാത ബാധിതമാകുന്നില്ല.

## 6.7 ഭരണ സംഘടനകൾ

ഭരണ സ്ഥാപനങ്ങളൊന്നും ആഘാത ബാധിതമാകുന്നില്ല.

## 6.8 രാഷ്ട്രീയ സംഘടനകൾ

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ മൂലം രാഷ്ട്രീയ സംഘടനകളൊന്നും ആഘാത ബാധിതമാകുന്നില്ല.

## 6.9 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകളൊന്നും പദ്ധതി ആഘാത ബാധിതമാകുന്നില്ല.

## 6.10 പ്രാദേശീകവും ചരിത്രപരവുമായ പരിണാമ പ്രക്രിയ

മുൻകാലങ്ങളിൽ നിർദ്ദിഷ്ട പ്രദേശത്തെ ജനങ്ങൾ മുഖ്യമായും ഏർപ്പെട്ടിരുന്നത്. മത്സ്യ ബന്ധനത്തിലും അനുബന്ധ ജോലികളിലുമാണ്. യുവതലമുറയിലുള്ള ഭൂരിഭാഗവും പദ്ധതി പ്രദേശത്തും എറണാകുളത്തും ഉള്ള ഒഫീസുകളിലും മറ്റ് ദിവസ വേദന ജോലികളിലും ഏർപ്പെട്ട് ഉപജീവനം നടത്തുന്നു.

## അദ്ധ്യായം 7

## സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

### 7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടും സാമുഹ്യ പ്രത്യാഘാത നിയന്ത്രണ നടപടികളും നിർബന്ധമാണ്. അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ തിരിച്ചറിയുകയും പദ്ധതിയുടെ സാമൂഹ്യ നേട്ടങ്ങൾ വർദ്ധിപ്പിക്കുക, സാമൂഹ്യ പ്രത്യാഘാത വിപരീത ഫലങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ മുന്നോട്ട് വയ്ക്കുക എന്നിവയാണ് എസ്.ഐ.എ.യുടെ ലക്ഷ്യങ്ങൾ. നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടും സാമൂഹ്യ ആഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിൻെറയും ഭാഗമായി പഠന സംഘം പദ്ധതി ബാധിത ഭൂവുടമകളിൽ നിന്നും പദ്ധതി പ്രദേശത്തെ പഞ്ചായത്ത് പ്രതിനിധികളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു. പഠനത്തിൻെറ ഭാഗമായി പബ്ലിക്ക് ഹിയറിംഗ് സംഘടിപ്പിക്കുകയും പദ്ധതി ബാധിതരും പദ്ധതി പ്രദേശത്തെ ജനപ്രതിനിധികളും പദ്ധതി ബാധിതരും മുന്നോട്ട് വച്ച അഭിപ്രയങ്ങൾ അന്തിമ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തു.

### 7.2. ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ളമാർഗ്ഗങ്ങൾ

പ്രത്യാഘാതങ്ങൾ ഏറ്റവും കുറവ് ഉണ്ടാകുന്ന വിധത്തിലാണ് പ്രസ്തുത പദ്ധതി, അർത്ഥനാധികാരി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിബാധിതമാകുന്ന കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ കുറക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവണ്മെൻറ് പുറപ്പെടുവിച്ച

ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ട് ഭൂമി ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാരം നൽകൽ നടപടികൾ കൈക്കൊള്ളുക.

- ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാത ബാധിതർക്കുള്ള നഷ്ടപരിഹാരം കഴിയുന്നത്ര വേഗത്തിൽ നൽകുകയും ചെയ്യുക.
- പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതുമൂലം വീടും മുഖ്യ ഉപജീവന മാർഗ്ഗവും നഷ്ടപ്പെടുന്ന ജയൻ നികത്തിൽ എന്ന വ്യക്തിക്ക് അനുയോജ്യമായ നഷ്ടപരിഹാരം കാല താമസം കൂടാതെ നൽകുക.

